# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

A.M.L.P.S. Moorkanad

Scanned with OKEN Scanner

# ആമുഖം

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ മൂർക്കനാട് പഞ്ചായത്തിലെ പത്താം വാർഡിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഈ വാർഡിലെ വിദ്യാർത്ഥികൾക്ക് പുറമെ ആറ്, എട്ട്, ഒൻപത് വാർഡിലെ വിദ്യാർത്ഥികൾ കൂടി പ്രാഥമിക വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്ന സ്ഥാപനമാണ് മൂർക്കനാട് എ.എം.എൽ.പി. സ്കൂൾ

വിദൂരങ്ങളിൽ പോയി വളരെ വിരളമായി വിരലിലെണ്ണാവുന്നവർക്കു മാത്രം സിദ്ധിച്ചിരുന്ന ഭൗതിക വിദ്യാഭ്യാസം സാധാരണക്കാരിൽ സാധാരണക്കാർക്കു കൂടി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി മതഭൗതിക വിദ്യാഭ്യാസം സമന്വയിപ്പിച്ച് കൊണ്ട് മുസ്ലീം പണ്ഡിത പ്രധാനികൾ പലഭാഗങ്ങളിലും ഓത്തു പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയുണ്ടായി. അത്തരം ഒരു ഓത്തു പള്ളിക്കൂടമായിട്ടാണ് ഈ സ്കൂളിന്റെ തുടക്കം.

പിന്നീട് ജ.ഇ.കെ മുഹമ്മദ് കുട്ടി ഹാജിയുടെ നേതൃത്വത്തിൽ നല്ലവരായ നാട്ടുകാരുടെ സഹായ സഹകരണത്തോടെ 1942-ൽ വിദ്യാലയം ഇന്നത്തെ നിലയിൽ സ്ഥാപിതമാവുകയും 1946-ൽ എ.എം.എൽ.പി. സ്കൂൾ മൂർക്കനാട് എന്ന പേരിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ആരംഭത്തിൽ അഞ്ചാംതരം വരെ ഉണ്ടായിരുന്നുവെങ്കിലും പിന്നീട്



Scanned with OKEN Scanner

വന്ന നിയമപ്രകാരം നാലാം തരം വരെ ആയി നിലനിർത്തി. പല പ്രമുഖ വ്യക്തിത്വങ്ങളും ഇവിടെ പ്രധാന അധ്യാപകന്റെ സഹാധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ സമയത്ത് കാലാനുസൃതമായി ഉണ്ടായ പുരോഗതിക്കൊപ്പം ഈ വിദ്യാലയവും അതിന്റെ വിജയയാത്രയ്ക്ക് തുടക്കം കുറിച്ചു. ആദ്യത്തെ മാനേജരായിരുന്ന മുഹമ്മദ് കുട്ടി ഹാജിയുടെ മരണ ശേഷം അദ്ദേഹത്തിന്റെ മകൻ ഇ.കെ. അബ്ദുറഹിമാന്റെ ഭാര്യ ആയിഷയാണ് ഇപ്പോഴത്തെ മാനേജർ.

. സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ കാര്യങ്ങളിൽ മാനേജ്മെന്റിന്റെ സഹകരണം ഇപ്പോൾ നന്നായി ലഭിക്കുന്നുണ്ട്. എസ്.എസ്.എ യുടെ ഭാഗമായി പഞ്ചായത്ത് ബി.ആർ.സി എന്നിവയുടെ ശക്തമായി പിന്തുണ ലഭിച്ചു കൊണ്ടിരിക്കുന്നു. മേലുദ്യോഗസ്ഥർ എന്ന നിലയിൽ എ.ഇ.ഒ.യുടെ നിരന്തരമായ നിർദേശങ്ങൾ ഏറെ പ്രചോദനം നൽകുന്നു. എല്ലാത്തിലുമുപരി ഈ നാട്ടിലെ നല്ലവരായ ജനങ്ങളുടെ പിന്തുണയാണ് ഈ കൊച്ചു സ്ഥാപനത്തിന്റെ ഇന്നത്തെ വിജയം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കൊച്ചു സ്ഥാപനം എന്ന നിലയിൽ ഇതിന്റെ പുരോഗതിക്ക് തടസ്സം നിൽക്കുന്ന കാര്യങ്ങൾ ഏറെയാണ്. അവ പരിഹരിച്ച് ഈ സ്ഥാപനത്തിന്റെ പുരോഗമനത്തിന് ആവശ്യമായ എല്ലാവിധ സഹായസഹകരണങ്ങളും ലഭ്യമാക്കി ഗുണനിലവാരമുള്ള വിദ്യാലയമായി ഇതിനെ ഉയർത്താൻ കൂട്ടായ പരിശ്രമങ്ങൾ നടന്നുവരുന്നു.



Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എ.എം.എൽ.പി. സ്കൂൾ മൂർക്കനാട് |
| മേൽവിലാസം | : മൂർക്കനാട് (PO) കൊളത്തൂർ വഴി<br>മലപ്പുറം ജില്ല |
| ഫോൺ | : 265000 |
| സ്കൂൾ കോഡ് | : 18621 |
| വിദ്യാഭ്യാസ ജില്ല | : മങ്കട |
| വിദ്യാഭ്യാസ സബ്ജില്ല | : മലപ്പുറം |
| ബി. ആർ. സി | : മങ്കട |
| സി. ആർ. സി | : ടി. ആർ. കെ. എ. യു. പി. എസ്<br>വെങ്ങാട് |
| ഗ്രാമപഞ്ചായത്ത് | : മൂർക്കനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : മങ്കട |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമ സഭാ മണ്ഡലം | : മങ്കട |
| ലോക സഭാ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : പെരിന്തൽമണ്ണ |
| വില്ലേജ് | : മൂർക്കനാട് |
| ഇ-മെയിൽ വിലാസം | : amlpsmoorkanad@gmail.com |
| Face book | : Amlps Moorkanad |
| Youtube | : Amlps Moorkanad |
| Instagram | : Amlps Moorkanad.26500 |



Scanned with OKEN Scanner

# നിലവിലെ അവസ്ഥാവിശകലനം

സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന മേഖലയിൽ ആണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. കുട്ടികളുടെ പഠനപുരോഗതിയെയും ഇത് സാരമായി ബാധിക്കുന്നു. അൺഎയ്ഡഡ് സ്ഥാപനങ്ങൾ നൽകുന്ന ആകർഷകമായ ഭൗതികാന്തരീക്ഷം സൗജന്യമായി നൽകുന്ന പഠനോപകരണങ്ങൾ എന്നിവ രക്ഷിതാക്കളെ അത്തരം സ്കൂളുകളിലേക്ക് ആകർഷിക്കുന്ന ഒരു പ്രവണത ഇപ്പോൾ ഉയർന്നു വന്നിട്ടുണ്ട്. ഇതിനെ മറികടക്കുന്ന ബദൽ സംവിധാനങ്ങൾ എയ്ഡഡ് ഗവ: മേഖലയിൽ നടപ്പാ-വേണ്ടതുണ്ട്.

ഈ സ്കൂളിൽ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ എണ്ണം പരിമിതമാണ്. കാരണം സ്കൂളിന്റെ ചുറ്റുപാടിൽ ഇത്തരം വീടുകൾ കുറവാണ്. ഈ പ്രദേശത്തുള്ള ഇത്തരം കുടുംബങ്ങളുടെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ കാരണം കുട്ടികൾ മുഖ്യധാരയിൽ എത്തുന്നില്ല. പ്രൈമറി തലത്തിൽ കൊഴിഞ്ഞ് പോക്ക് തീരെയില്ല.

പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കലാ കായിക മേഖലയിൽ നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് സാധിക്കുന്നുണ്ട്. പിടിഎയുടെയും മാനേജ്മെന്റിന്റെയും വിവിധ സന്നദ്ധസംഘടനകളുടെയും ശക്തമായ പിന്തുണയോടെ സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ മുൻവർഷങ്ങളിൽ സാധിച്ചിട്ടുണ്ട്.



Scanned with OKEN Scanner

പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികളുടെ എണ്ണം ഈ വിദ്യാലയത്തിൽ കുറവാണ്. അവർക്ക് വേണ്ട പരിഗണനയും, രക്ഷിതാക്കൾക്കുവേണ്ട ബോധവൽക്കരണവും അവർക്ക് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളും സമയാസമയങ്ങളിൽ ലഭ്യമാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാകുട്ടികളും പഠനത്തിൽ പങ്കാളികളാകുന്നുണ്ട്.



Scanned with OKEN Scanner

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ

| | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ്മുറി | 13 | Nil |
| 2 | ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 5 | Nil |
| 3 | പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 5 | Nil |
| 4 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ടോയ്‌ലറ്റ് | 1 | Nil |
| 5 | പ്രധാന അധ്യാപക മുറി | 1 | Nil |
| 6 | കുടിവെള്ള സൗകര്യം | പൊതു- വായവാട്ടർ പ്യൂരിഫയർ | Nil |
| 7 | ചുറ്റുമതിൽ | ഉണ്ട് | Nil |
| 8 | കളിസ്ഥലം | മുറ്റം | 1 |
| 9 | റാമ്പ് വിത്ത് റെയിൽ | 2 | Nil |
| 10 | അടുക്കള | 1 | Nil |
| 11 | ഭക്ഷണശാല | Nil | 1 |
| 12 | ഗ്യാസ് അടുപ്പും കണക്ഷനും | ഉണ്ട് | Nil |
| 13 | കോൺഫറൻസ് ഹാൾ | Nil | 1 |
| 14 | ശാസ്ത്ര - ഗണിത - സാമൂഹ്യ ശാസ്ത്ര ലാബ് | Nil | 1 |
| 15 | സ്കൂൾ ലൈബ്രറി ഹാൾ | Nil | 1 |

# ഐ.ടി അനുബന്ധസാമഗ്രികൾ

| | വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|---|
| 1 | ലാപ്ടോപ്പ് | 6 | 14 |
| 2 | പ്രൊജക്ടർ | 2 | – |
| 3 | ടി. വി. | 12 | 2 |
| 4 | ഇന്റർനെറ്റ് കണക്ഷൻ | 1 | – |
| 5 | ഇ-മെയിൽ ഐഡി | Yes | – |
| 6 | സ്മാർട്ട് ക്ലാസ്റൂം | 1 | – |
| 7 | പോർട്ടബിൾ സ്പീക്കർ | 1 | – |

2025-26 അധ്യയനവർഷത്തിൽ കുട്ടികളുടെ എണ്ണം.

| ക്ലാസ്സ് | 1 | | 2 | | 3 | | 4 | | Total. |
|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | |
| | 19 | 24 | 36 | 28 | 39 | 32 | 34 | 35 | 247 |
| | 43 | | 64 | | 71 | | 69 | | 247 |

Pre Primary : Boys : 36, Girls : 48, Total : 84



Scanned with OKEN Scanner

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ മൂർക്കനാട് പഞ്ചായത്തിൽ മലപ്പുറം പാലക്കാട് ജില്ലകളെ തൂതപ്പുഴ അതിരിടുന്ന മനോഹര ഗ്രാമത്തിലാണ് മൂർക്കനാട് എ.എം.എൽ.പി സ്കൂൾ സ്ഥിതിചെയ്യുന്നത്. 1930-40 കാലഘട്ടത്തിൽ ഓത്തുപള്ളിക്കൂടമായാണ് വിദ്യാലയത്തിന്റെ ആരംഭം. മൂർക്കനാട് അടയ്ക്കാപുരക്കൽ സ്ഥിതിചെയ്തിരുന്ന ഓത്തുപള്ളിക്കൂടം തൂതപ്പുഴ കരകവിഞ്ഞൊഴുകിയ 1942-ലെ വെള്ളപ്പൊക്കത്തിൽ നിലം പൊത്തുകയും പിന്നീട് ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എലിമെന്ററി സ്കൂൾ ആയി സ്ഥാപിക്കപ്പെടുകയും ചെയ്തു. പിന്നീട് എ.എം.എൽ.പി സ്കൂൾ എന്ന നാമധേയത്തിൽ അംഗീകാരം ലഭിച്ചു. തികച്ചും ഗ്രാമീണമായ ചുറ്റുപാടിൽ ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്ന് ഇന്നും ഈ സ്ഥാപനം വിജയകരമായി മുന്നോട്ട് കുതിക്കുന്നു. പ്രശസ്തരും പ്രഗത്ഭരുമായ നിരവധി പേർ ഈ വിദ്യാലയത്തിൽ നിന്നും പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഈ വിദ്യാലയത്തെ നെഞ്ചേറ്റി സ്നേഹിക്കുന്ന നാട്ടിലെ ജനവിഭാഗമാണ് ഈ വിദ്യാലയത്തിന്റെ പുരോഗതിയിൽ പ്രധാനപങ്ക് വഹിച്ചതെന്ന് ഈ അവസരത്തിൽ സ്മരണീയമാണ്



Scanned with OKEN Scanner

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

## ശക്തി

1, ആത്മാർത്ഥമായും സേവനമനോഭാവത്തോടെയും പ്രവർത്തിക്കുന്ന പി.ടി.എ, എസ്.എം.സി, എം.ടി.എ

2, എപ്പോഴും സഹായഹസ്തവുമായി എത്തുന്ന ജനപ്രതിനിധികൾ

3, ഐ.ടി. അധിഷ്ഠിത സൗകര്യം, 5 ലാപ്ടോപ്പുകൾ, 2 പ്രൊജക്ടറുകൾ

4, ഹൈടെക് പ്രീപ്രൈമറി

5, ടോയ്‌ലറ്റ് സൗകര്യം

6, ഗ്യാസ് ഉപയോഗിക്കുന്ന വൃത്തിയുള്ള അടുക്കള

7, പോഷക സമൃദ്ധമായ ഉച്ചഭക്ഷണം

8, ശാന്തമായ പരിസരം, ശുദ്ധവായു

9, ആധുനിക സൗകര്യങ്ങളോടെയുള്ള ചിൽഡ്രൻസ് പാർക്ക്

10, കുട്ടികളുടെ കായിക പരിശീലനത്തിന് എല്ലാ ക്ലാസിലും Sports kit.



Scanned with OKEN Scanner

# പരിമിതികൾ

* വലിയ ഗ്രൗണ്ടിന്റെ അപര്യാപ്തത.
* കോൺഫറൻസ് ഹാളിന്റെ അപര്യാപ്തത
* ഭക്ഷണശാലയുടെ അപര്യാപ്തത.
* ശാസ്ത്ര-ഗണിതശാസ്ത്ര ലാബിന്റെ കുറവ്.
* കുട്ടികളെ സ്കൂളിലെത്തിക്കുവാൻ വിദ്യാലയത്തിലെ വാഹനങ്ങളുടെ കുറവ്.
* കുട്ടികൾക്ക് ഇരുന്ന് വായിക്കാൻ അനുയോജ്യമായ ലൈബ്രറി ഹാളിന്റെ കുറവ്.
* അടച്ചുറപ്പുള്ള ക്ലാസ് മുറികൾ



Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക. (സമഗ്ര ഗുണമേന്മ പദ്ധതി)
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
3. ഓരോ കുട്ടിയും അനന്യനാണ് എന്നലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
5. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അത് വഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പു വരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ ആധുനിക വത്കരിക്കും.



Scanned with OKEN Scanner

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ കോർണർ പി.ടി.എകൾ എന്നിവ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ്.ആർ.ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും

10. ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക

12. ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം. ശുചിത്വ വേസ്റ്റ് മാനേജ്മെന്റ് മലിന ജല നിർമ്മാർജനം ഇടങ്ങളിൽ വ്യക്തമായി നടപ്പാക്കൽ

13. ഹരിത സേന രൂപീകരിക്കൽ



Scanned with OKEN Scanner

14. കൃഷി ഔഷധങ്ങളോടും, ഉദ്യാനം മനോഹരമായ രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ



Scanned with OKEN Scanner

## അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം<br>* ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>* മികച്ച ലൈബ്രറി ലാബ് കമ്പ്യൂട്ടർ പഠനസൗകര്യം<br>* ഓരോ കുട്ടിയും ഉന്നമനാണ് പഠിയുന്ന കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | * മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>* മികച്ച ലാബ് ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടുന്നതിനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.<br>* വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>* മത്സര പരീക്ഷകൾ(പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |



Scanned with OKEN Scanner

കലോത്സവം, പ്രവൃത്തി പരിചയമേളം, കായിക മേളം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.

* ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾ ഉയർത്തിയിട്ടുണ്ട്.

* പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു

* ഇന്റർനെറ്റ് കവറേജ് എല്ലാ ക്ലാസിലും ലഭ്യമാക്കിയിട്ടുണ്ട്. പഠന പ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നു.

ടെ. ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

* കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്.

* കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

* IED കുട്ടികളുടെ പഠന പിന്തുണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

* ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കപ്പെടേണ്ടതുണ്ട്.

* അടച്ചുറപ്പുള്ള ക്ലാസ് റൂമുകളുടെ അഭാവത്താൽ അധ്യാപകരും കുട്ടികളും തമ്മിലുള്ള ആശയവിനിമയത്തിലും പഠന പ്രവർത്തനങ്ങളിലും പ്രയാസങ്ങൾ നേരിടുന്നു.



Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

*1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുന്നു.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പ് വരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി സൃഷ്ടിക്കുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. പാഠങ്ങൾ, സചിത്ര പുസ്തകം, സംയുക്ത ഡയറി, റീഡേഴ്സ് തിയേറ്റർ, സ്കൂൾ റേഡിയോ, മലയാളത്തിളക്കം, രചനോത്സവം, ഭാഷോത്സവം, പഠനോത്സവം, പഠനോത്സവം തുടങ്ങിയ പ്രവർത്തനങ്ങൾ വായനാശീലം വളർത്തുന്നതിനായി ഏറ്റെടുത്ത് നടത്താം.



Scanned with OKEN Scanner

# ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നട-ത്തുന്നതിന് എല്ലാ കുട്ടികളുടെയും കഴിവുകൾ പ്രാപ്തമാ-ക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ, വികാസ-നത്തിന് പ്രയോജനപ്പെടുത്തുക.
- ക്ലാസ് തല വായനാ മൂല, സ്കൂൾ ലൈബ്രറി, എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ അവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക
- കുട്ടികളുടെ സംഭാഷണ നൈപുണി വളർത്തുന്നതിന് ആഴ്ചയിൽ ഒരു ദിവസം English day ആയി ആചരിക്കുക.
- ഇംഗ്ലീഷ് പദ സമ്പത്ത് വളർത്തുന്നതിന് വേണ്ടി എല്ലാ ആഴ്ചയിലും ക്വിസ് നടത്തി കുട്ടികളെ സ്റ്റാർ ആക്കി

വീക്ക് ആയി തിരഞ്ഞെടുത്ത് പഠനസംബന്ധമുള്ള കുട്ടികളിൽ വളർത്തുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക. ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക
- ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക
- ആധുനിക സങ്കേതങ്ങളോടെ ചാമ്പ് സജ്ജമാക്കുക.
- ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

- ജനാധിപത്യ വേദികൾ ഒരുക്കുക. (സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ്)
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
- ദിനാചരണങ്ങൾ ബോധവത്കരണ പരിപാടികൾ ചർച്ചകൾ. സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.
- ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ



Scanned with OKEN Scanner

# ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി, എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക
- കുട്ടികൾക്ക് സ്വന്തമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.



Scanned with OKEN Scanner

- ഈ വിഷയങ്ങളുമായി പ്രവൃത്തി പരിചയം, നൃത്തത്തെ ബന്ധിപ്പിക്കുക.

## കലാ പരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
- ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

- മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ വലുത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.



Scanned with OKEN Scanner

# അറബി

ലക്ഷ്യങ്ങൾ: അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

: ചിത്രങ്ങൾ തിരിച്ചറിഞ്ഞ വായന, പദനിർമ്മാണം പദശേഖരണം

: ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു, പറയുന്നു

: കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

: ദിനാചരണങ്ങൾ പരിചയപ്പെടുന്നു

: മാഗസിൻ നിർമ്മാണം.

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അറബിക് മധുരം<br>അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പരിപാടി. | എഴുത്ത്, വായന<br>ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു<br>അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു | ജൂൺ<br>ജൂലായ് | അറബി ടീച്ചർ |



Scanned with OKEN Scanner

| | | | |
|---|---|---|---|
| | അക്ഷരമൊഴികൾ നൽകുന്നു പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിതസമയത്ത് "അറബിക് മധുരം നൽകുന്നു. | | |
| വായനാലോകം | | | |
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | അക്ഷര കാർഡുകൾ കുട്ടിക്കഥകൾ, കവിതകൾ, അക്ഷരങ്ങൾക്ക് നിറം നൽകൽ. I.C.T ഉപയോഗിക്കുന്നു. അറബി ക്വിസ് | ജൂൺ ആഗസ്റ്റ് | A.T |
| പദപരിചയം | | | |
| അറബിപദസമ്പത്ത് വർദ്ധിപ്പിക്കൽ പദനിർമ്മാണം | അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു. പാഠപുസ്തകത്തിന് പുറമെ പുതിയ പദങ്ങൾ ശേഖരിക്കുന്നു. പദനിർമ്മാണ മത്സരം നടത്തുന്നു | ആഗസ്റ്റ് നവംബർ | A.T |
| ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു. | നിത്യേന ക്ലാസിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | | |
| ആസ്വാദനലോകം. | അറബിക് കഥകൾ, പാട്ടുകൾ അനിമേഷൻ വീഡിയോകൾ I.C.T സഹായത്തോടെ കാണാൻ അവസരം ഒരുക്കൽ | സെപ്റ്റംബർ | A.T |

| | | | |
|---|---|---|---|
| അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി സംഘടിപ്പിക്കുന്നു | ജൂലൈ മാർച്ച് | A.T |
| എഴുത്തിന്റെ ലോകം<br>മാഗസിൻ നിർമ്മാണം<br>വളരുന്ന നിഘണ്ടു | ചിത്രങ്ങൾ, കഥകൾ അക്ഷരങ്ങൾ, പദങ്ങൾ ഉപചാര വാക്കുകൾ..... ഉൾപ്പെടുത്തി മാഗസിൻ നിർമ്മിക്കുന്നു. one day one word [illegible] വായനകാർഡ് നിർമ്മാണം, ഒരുദിനം ഒരക്ഷരം. ഒരുദിനം ഒരറിവ്. | ആഗസ്റ്റ് to ഡിസം. - മാർച്ച് | |
| ദിനാചരണങ്ങൾ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പോസ്റ്ററുകൾ തയ്യാറാക്കുന്നു. | ജൂൺ മാർച്ച് | A.T |
| മത്സരങ്ങളുടെ ലോകം. | മുഴുവൻ വിദ്യാർത്ഥികളിലെയും വിജ്ഞാന കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br>ക്വിസ്<br>പദനിർമ്മാണം<br>കഥപറയൽ<br>കവിതചൊല്ലൽ<br>ഖുർആൻപാരായണം<br>തുടങ്ങി.... | നവംബർ ഡിസംബർ | |



Scanned with OKEN Scanner

# മലയാളം / പഠന പിന്നോക്കാവസ്ഥ

പ്രവർത്തനം - 1

പേര് :- **പുസ്തകം എന്റെ ചങ്ങാതി**

ഉപമേഖല :- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘു വിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (2 പുസ്തകം) | മലയാളം ക്ലബ്ബ് | 1000 |

പ്രവർത്തനം - 2

പേര് :- **എന്റെ പിറന്നാൾ പുസ്തകം**

ഉപമേഖല :- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | 5000 |



Scanned with OKEN Scanner

പ്രവർത്തനം-5

## പേര് - സ്കൂൾ ലൈബ്രറി

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക | -സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ<br>-സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മാർച്ച് | പി.ടി.എ പ്രാദേശിക ക്ലബ്ബ് | 5000 |

പ്രവർത്തനം-6

## പേര് :- ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല- ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |



Scanned with OKEN Scanner

പ്രവർത്തനം : 7.

പേര് : **ക്ലാസ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കു വെക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാ കാർഡ്). വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ്. ടീച്ചർ | 3000. |



Scanned with OKEN Scanner

പ്രവർത്തനം - 9

പേര് : കയ്യെഴുത്ത് മാസികകൾ, പ്രിന്റഡ് മാഗസിൻ

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ പോസ്റ്റർ ചിത്രം കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന് | ഓരോ ടേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന്. | വിദ്യാരംഗം ഭാഷാ ക്ലബ്ബ് പരസ്യം വഴി ഫണ്ട് | 15000 |

പ്രവർത്തനം - 10

പേര് : **രചനോത്സവം**

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ - മാർച്ച് | ഭാഷാ ക്ലബ്ബ് | 2000 |



Scanned with OKEN Scanner

പ്രവർത്തനം : 11

പേര്: **സർഗ്ഗവേള**

ഉപമേഖല :- പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായന കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാ കാർഡ്) വായനാ കുറിപ്പുള്ള പുസ്തക വിദ്യാലയം നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 12

പേര് :- **ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക**

ഉപമേഖല :- പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷിക്കുറവരിൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ - ജൂലൈ | പാത്തുമ്മ കുട്ടിടീച്ചർ മറിയ, സുമിത, റസിയ | 3000 |

# ഇംഗ്ലീഷ്

പ്രവർത്തനം: 1

പേര്:- ഇംഗ്ലീഷ് ഡേ

ഉപമേഖല:- പ്രകടന വേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം: 2

പേര്:- ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)

ഉപമേഖല:- ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷിലുള്ള രചനകൾ മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |



Scanned with OKEN Scanner

പ്രവർത്തനം - 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ [3,4 ക്ലാസ്സുകളിൽ]

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | * ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു.<br>* ജൂൺ - പരിസ്ഥിതി<br>* ജൂലൈ - ചന്ദ്രൻ<br>* ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>* സെപ്തംബർ - ഓണം<br>* ഒക്ടോബർ - ഗാന്ധി<br>* നവംബർ - കേരളം<br>* ഡിസംബർ - ക്രിസ്തുമസ്<br>* ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 4

പേര് - **Reading card work shop**

ഉപമേഖല - വായനസാമഗ്രികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമിക്കൽ. | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം - 5

പേര് - **worksheet work shop**

ഉപമേഖല - അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | നിമ്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. (അധ്യാപകരുടെ നേതൃത്വത്തിൽ. | ജൂലൈ | എസ്. ആർ. ജി | 4000 |



Scanned with OKEN Scanner

# അറബിക്

പ്രവർത്തനം -1

പേര് : ലോക ഭാഷ - അറബിഭാഷ

ഉപമേഖല: അടിസ്ഥാന ശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കൽ | പ്രൈമറി ക്ലാസുകളിൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>മുന്നറിവ് പരിശോധിക്കൽ<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങൾ നിർമ്മിക്കൽ<br>ഭാഷാ കളികൾ | ജൂൺ<br>ജൂലൈ | അറബി ടീച്ചർ | |

പ്രവർത്തനം: 2

പദസമ്പത്ത് വർധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദസമ്പത്ത് വർധിപ്പിക്കൽ<br>അക്ഷരങ്ങളുടെ സാദൃശ്യവ്യത്യാസങ്ങൾ തിരിച്ചറിയൽ | ദിവസേന ഒരു പാഠ്യപദങ്ങൾ<br>പദപട്ടിക<br>അലിഫ് അറബിക് ക്ലബ്ബ് രൂപീകരണം | ജൂൺ<br>മാർച്ച് | അറബി ടീച്ചർ<br>PTA | |

പ്രവർത്തനം : 3

അറബി വായനോത്സവം

| | | | | |
|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാക്കുക | അക്ഷരവായന ക്ലാസ് വായന ചിത്രവായന വായനമത്സരങ്ങൾ ഇ-വായന വീട്ടുവായന | ജൂൺ<br>ജൂലൈ<br>ജൂൺ<br>ഫെബ്രുവരി | AT | |



Scanned with OKEN Scanner

പ്രവർത്തനം : 4

അറബി രചനോത്സവം

ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ<br>പദങ്ങൾ ഉറപ്പിക്കൽ<br>കൂട്ടി എഴുത്ത്<br>അക്ഷര കാർഡ് നിർമ്മാണം<br>കയ്യെഴുത്ത് മാസിക<br>വളരുന്ന നിഘണ്ടു | ജൂൺ<br>മാർച്ച്<br>സെപ്തംബർ<br>മാർച്ച് | അറബി ടീച്ചർ<br>PTA | |

# ഗണിതം

പ്രവർത്തനം : 1

പേര് :- ഗണിത വർക്ക്ഷീറ്റ് ശിൽപശാല

ഉപമേഖല :- വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റുകളിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം :- 2

പേര് :- ഗണിത ലാബ് (ഗണിത മധുരം)

ഉപമേഖല :- ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ. | 2025-26 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം :- 3

പേര് :- ഗണിതമൂല

ഉപമേഖല :- ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |



Scanned with OKEN Scanner

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉദ്ദേശ്യങ്ങൾ പരമാവധി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : ഗണിത ക്ലാസ് പി.ടി.എ

ഉപമേഖല : സി.പി.ടി.എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും കുട്ടികൾ വിനിമയം ചെയ്യുന്ന വിനിമയം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസ്സിലും ഗണിത പാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിതകേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | |



Scanned with OKEN Scanner

# പരിസരപഠനം

പ്രവർത്തനം :1

പേര് : ശാസ്ത്ര പരീക്ഷണ ശില്പശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ കണ്ടെത്തും വിധം ശില്പശാലകൾ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :2

പേര്: എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്

ഉപമേഖല : ശാസ്ത്രാവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തൽ ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :3

പേര് : ഫീൽഡ് ട്രിപ്പ്

ഉപമേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സ്വതന്ത്ര സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ പോസ്റ്റോഫീസ്, പഞ്ചായത്ത് വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |



Scanned with OKEN Scanner

# സാമൂഹികാവബോധം

പ്രവർത്തനം :- 1

പേര് :- അതിഥിയെ അറിയൽ

ഉപമേഖല :- സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം. :- 2

പേര് :- പ്രാദേശിക അറിവ്

ഉപമേഖല :- നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക | നവംബർ | SSG | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം-1

പേര് - വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല - അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം-2

പേര് - IT ലാബ്

ഉപമേഖല - കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ / പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ ആഗസ്റ്റ് | SITC | |



Scanned with OKEN Scanner

# പ്രവൃത്തി പരിചയം

പ്രവർത്തനം : 1

പേര് : പ്രവൃത്തി പരിചയ ശിൽപശാല

ഉപ മേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. * ചന്ദനത്തിരി * പാവ * ചോക്ക് | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | 2000/- |

പ്രവർത്തനം : 2

പേര് : പേപ്പർബാഗ് നിർമ്മാണം

ഉപ മേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർബാഗ് നിർമ്മാണം പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജനുവരി- മാർച്ച് | SSG | 1000/- |



Scanned with OKEN Scanner

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം - 1

പേര് :- കായികാരോഗ്യം

ഉപമേഖല - സുംബ ഡാൻസ്, യോഗ എക്സർസൈസ്, ഫുട്ബോൾ കോച്ചിംങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏകാഗ്രതയും ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | ഫുട്ബോൾ കോച്ചിങ്ങ് ക്യാമ്പ്, സ്കിപ്പിംഗ്, പരിശീലനം, ബാഡ്മിന്റൺ, അത്ലറ്റിക് പരിശീലനം | ജൂൺ മാർച്ച് | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം-2

പേര് - ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല - ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പ് വരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ സെപ്റ്റംബർ | PTA | 3000 |



Scanned with OKEN Scanner

പ്രവർത്തനം-3

പേര് :- കായിക വിദ്യാഭ്യാസം- അധ്യാപക ശില്പശാല

ഉപമേഖല :- അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീരിയഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ മാർച്ച് | SRG | 1000 |



Scanned with OKEN Scanner

# നിർവ്വഹണ ചുമതല

- -> ഹെഡ്മാസ്റ്റർ - നജീബ്.പി
- -> PTA പ്രസിഡന്റ് - അബ്ദുൾ റസാഖ്
- -> MTA പ്രസിഡന്റ് - മുഹ്സിന.കെ.ടി
- -> SSG കൺവീനർ - മൂസ.പി
- -> പാത്തുമ്മക്കുട്ടി.പി
- -> അബ്ദുൾ റഷീദ്.പി
- -> നജ്മത്തുന്നിസ.പി
- -> സൽമ.കെ.കെ
- -> ഹാൻസത്ത്.എം
- -> ഷമീറ തുമ്പിൽ
- -> ഹിദ ജുബിൻ.എം
- -> ഹിസാന ഷെറിൻ.ഇ.പി
- -> മാരിയ.കെ.ടി
- -> റസിയ ബാനു.കെ.പി
- -> സുമിത.എം.വി
- -> ആതിര.പി.പി
- -> മുഹമ്മദ് സാബിത്ത് അലി.സി.പി.



Scanned with OKEN Scanner

# ഉപസംഹാരം

എ.എം.എൽ.പി.എസ് മുർക്കനാടിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട കൂടുതൽ പ്രവർത്തനങ്ങൾ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ തനതു മൂല്യങ്ങൾ സംരക്ഷിക്കപ്പെടാൻ വേണ്ടിയും നൻമകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Scanned with OKEN Scanner